**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2952** **21/08/2017-ൽ മറുപടിയ്ക്ക്**

# പച്ചക്കറി ഉത്പന്നങ്ങൾ ന്യായവില നൽകി സംഭരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തെ പച്ചക്കറി കൃഷിക്കാരിൽ നിന്നും യഥാസമയം ഉത്പന്നങ്ങൾ ന്യായവില നൽകി വാങ്ങുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ; | എ) വെജിറ്റബിൾ & ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നേതൃത്വത്തിൽ 278 സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്നു. കർഷക പങ്കാളിത്തത്തോടെ നടത്തുന്ന ഇത്തരം സമിതികളിൽ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വിപണനം ചെയ്തുവരുന്നു. ഉല്പാദനം അധികം വരുന്ന സമയത്ത് വിലയിടിവ് ഉണ്ടാകുമ്പോൾ ഉല്പന്നങ്ങൾ മറ്റ് സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി മാർക്കറ്റ് ഇന്റർവെൻഷൻ ഇനത്തിൽ 34 ലക്ഷം രൂപ 2016-17 സാമ്പത്തിക വർഷം സമിതികൾക്ക് നൽകിയിട്ടുണ്ട്. ഇതു കൂടാതെ വിലയിടിവ് ഉണ്ടാകുന്ന സാഹചര്യത്തിൽ ധനസഹായം നൽകുന്നതിന് റിസ്ക് ഫണ്ട് രൂപീകരിക്കുകയും 2 കോടി രൂപ ഇതിനായി പദ്ധതി സഹായമായി വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് പൊതു വിപണി വിലയെക്കാൾ 10% കൂടുതൽ നൽകിയാണ് പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. വട്ടവട കാന്തല്ലൂർ മേഖലയിൽ കർഷകർ ഉല്പാദിപ്പിച്ച പച്ചക്കറികൾ കഴിഞ്ഞ ഓണക്കാലത്തും തുടർന്നും കൃഷി വകുപ്പ് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നു. ഈ മേഖലയിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ പ്രത്യേക ലേബലോട് കൂടി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

(contd.................)

| | | | |
|---|---|---|---|
| **ബി)** | ഈ സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നു എന്ന് വ്യക്തമാക്കുമോ? | **ബി)** | പച്ചക്കറി സംഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്തെ കർഷകരുടെ കൃഷിയിടങ്ങളിൽ ഹോർട്ടിക്കോർപ്പ്, വി.എഫ്.പി.സി.കെ, കൃഷിവകുപ്പ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ സന്ദർശിച്ച് കർഷകർ, കർഷക കൂട്ടായ്മകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും കർഷകർക്ക് പൊതു വിപണി വിലയെക്കാൾ 10% കൂടുതൽ നൽകി പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നു. കൂടാതെ സംസ്ഥാനത്തുടനീളം ഹോർട്ടികോർപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ സംഭരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കർഷകരെ ജൈവകൃഷിരീതിയിലുള്ള പച്ചക്കറി ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനായി വിപണിവിലയെക്കാളും 20% വരെ അധികം വില നൽകി കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ